# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *22** — **07/08/2017-ൽ മറുപടിക്ക്**

## മരുന്ന് വിപണനമേഖലയിലെ ചൂഷണം നിയന്ത്രിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.എൻ.ഷംസീർ**<br>**,, എസ്.ശർമ്മ**<br>**,, കെ. ആൻസലൻ**<br>**,, പി.ടി.എ. റഹീം** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) രാജ്യത്തെ മരുന്നുവില നിയന്ത്രണ- രീതിയുടെ വിശദാംശം നൽകുമോ; അവശ്യ മരുന്നുകൾ ഉൾപ്പെടെയുള്ളവയുടെ വില നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തുക സാധ്യമാണോ ; | എ) മരുന്നുകളുടെ വില നിശ്ചയിച്ച് നിയന്ത്രണം നടത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല. കേന്ദ്ര നിയമമായ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ – 2013 - ലെ വ്യവസ്ഥകൾ പ്രകാരം നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (എൻ.പി.പി.എ) ആണ് അവശ്യമരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നത്. എൻ.പി.പി.എ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയെക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വില്ക്കപ്പെടുന്നില്ല എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നുണ്ട്. |
| ബി) മഴക്കാലജന്യ രോഗങ്ങൾ വ്യാപകമായിരിക്കുന്ന സാഹചര്യത്തിൽ, ഔഷധങ്ങളുടെ മേലുള്ള ചരക്കു- സേവന നികുതിയിലെ ആശയക്കുഴപ്പത്തിന്റെ പേരിൽ മരുന്നിന് കൃത്രിമക്ഷാമം സൃഷ്ടിക്കുന്നത് തടയാൻ സാധ്യമാകുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | ബി) ചരക്ക സേവന നികുതി 01/07/2017-ൽ പ്രാബല്യത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് മരുന്നിന് യാതൊരുവിധ ക്ഷാമവും ഉള്ളതായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) കാരുണ്യ ഫാർമസികളുടെ എണ്ണം വർദ്ധിപ്പിച്ച്, ബ്രാന്റ് നാമത്തിലുള്ള മരുന്നുകളോടൊപ്പം ജനറിക് മരുന്നുകളും ആവശ്യാനുസരണം ലഭ്യമാക്കി മരുന്ന് വിപണനമേഖലയിലെ ചൂഷണം നിയന്ത്രിക്കാൻ ഇടപെടലുണ്ടാകുമോ; വിശദമാക്കുമോ? | സി) സംസ്ഥാനത്തെ മരുന്നുവിപണന മേഖലയെ ചൂഷണമുക്തമാക്കുന്നതിനുള്ള ഫലപ്രദമായ പ്രവർത്തനങ്ങൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപ്പിലാക്കുന്നുണ്ട്. കേരളത്തിലുടനീളം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ 53 ശാഖകളും 4 മെഡിസിൻ ഡിപ്പോകളും പ്രവർത്തിച്ചു വരുന്നു.<br><br>2017-18 സാമ്പത്തിക വർഷത്തിൽ ചുവടെ പറയുന്ന സ്ഥലങ്ങളിൽ കാരുണ്യയുടെ പുതിയ |

ശാഖകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

| നമ്പർ | ജില്ല | ആശുപത്രി |
|---|---|---|
| 1 | പാലക്കാട് | മണ്ണാർകാട് താലൂക്കാശുപത്രി |
| 2 | കൊല്ലം | പാരിപ്പള്ളി മെഡിക്കൽ കോളേജ് ആശുപത്രി |
| 3 | കൊല്ലം | രാമറാവു മെമ്മോറിയൽ ആശുപത്രി, നെടുങ്ങോലം |
| 4 | കണ്ണൂർ | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തളിപ്പറമ്പ് |
| 5 | കണ്ണൂർ | പാനൂർ സാമൂഹികാരോഗ്യ കേന്ദ്രം |
| 6 | വയനാട് | ജനറൽ ആശുപത്രി, കൽപ്പറ്റ |
| 7 | കോട്ടയം | താലൂക്കാശുപത്രി, വൈക്കം |
| 8 | കോഴിക്കോട് | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി |
| 9 | ആലപ്പുഴ | ജില്ലാ ആശുപത്രി, മാവേലിക്കര |

**'കേരള ജനറിക്സ്'** എന്ന പേരിൽ 15.05.2017 മുതൽ തിരുവനന്തപുരം മെഡിക്കൽ കോളേജ്, ആലപ്പുഴ മെഡിക്കൽ കോളേജ്, കോട്ടയം മെഡിക്കൽ കോളേജ്, തൃശൂർ മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ്, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ജനറിക് മരുന്നുകളുടെ വിപണനം

ആരംഭിച്ചുകഴിഞ്ഞു. ജനറിക് മരുന്നുകളുടെ വിപണന സാധ്യത അനുസരിച്ച് കാരുണ്യയുടെ മറ്റ് ശാഖകളിലും ജനറിക് മരുന്നുകളുടെ വിപണനം ആരംഭിക്കുന്നതിനുള്ള നടപടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കൈക്കൊണ്ടിട്ടുണ്ട്.

പൊതുവിപണിയിലെ വിലയിൽ നിന്ന് 20% മുതൽ 93% വരെ വിലക്കുറവിൽ എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാവർക്കും കാരുണ്യ ഫാർമസി വഴി മരുന്നുകൾ വിതരണം ചെയ്തുവരുന്നു.

**സെക്ഷൻ ഓഫീസർ**